A



# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക ആത്യന്തിക വിലയിരുത്തൽ 2025 – 2026

# സാമൂഹ്യശാസ്ത്രം

ക്ലാസ് : IX


സമയം : 2 ½ മണിക്കൂർ
ആകെ സ്കോർ : 80

നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(8 x 1 = 8)**


1. ചുവടെ തന്നിട്ടുള്ള ചിത്രത്തിലെ ഉപകരണങ്ങൾ ഏത് കാലഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തുക.



A) പ്രാചീനശിലായുഗം B) വെങ്കലയുഗം

C) മധ്യശിലായുഗം D) നവീനശിലായുഗം

2. നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വ്യക്തിയെ തിരിച്ചറിയുക.




A) ഗൗതമബുദ്ധൻ B) വർധമാന മഹാവീരൻ

C) അശോകൻ D) ചന്ദ്രഗുപ്തമൗര്യൻ

3. 'A' കോളത്തിന് അനുയോജ്യമായവ 'B' കോളത്തിൽനിന്നും കണ്ടെത്തി, ചുവടെ നൽകിയിട്ടുള്ളവയിൽ നിന്ന് ഏറ്റവും ശരിയായത് തിരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| a. ബനിഹാൽ ചുരം | i. അരുണാചൽപ്രദേശ് - ലാസ |
| b. ബോംഡിലാ ചുരം | ii. കുളു – ലാഹുൽ, സ്പിതി |
| c. ബാരാലച്ചാ ലാ ചുരം | iii. ജമ്മു – കാശ്മീർ |
| d. റോഹ്താങ് ചുരം | iv. ഹിമാചൽപ്രദേശ് - ലഡാക്ക് |

A) a–iv, b-iii, c-i, d-ii B) a-ii, b-i, c-iv, d-iii
C) a-iii, b-i, c-iv, d-ii D) a-iv, b-ii, c-i, d-iii

4.

| ഇന്ത്യ ശ്രീലങ്കയുമായി നയതന്ത്രകരാറിൽ ഒപ്പുവച്ചു. |
|---|

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഈ സംഭവം ഇന്ത്യൻ ഭരണഘടനയിലെ 7-ാം പട്ടികയിൽ ഏത് ലിസ്റ്റുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) യൂണിയൻ ലിസ്റ്റ് B) സംസ്ഥാന ലിസ്റ്റ്
C) സമവർത്തി ലിസ്റ്റ് D) അവശേഷിക്കുന്ന അധികാരങ്ങൾ

5. പ്രസ്താവന I – യൂറേഷ്യൻ ഫലകവും ഇന്ത്യൻ ഫലകവും പരസ്പരം അടുത്തുവന്നതിന്റെ ഫലമായാണ് ഹിമാലയ പർവതം രൂപംകൊണ്ടത്.
പ്രസ്താവന II - വിയോജകസീമകളിലാണ് മടക്കുപർവതങ്ങൾ രൂപപ്പെടുന്നത്.
പ്രസ്താവനകൾ വിശകലനം ചെയ്ത് താഴെ നൽകിയിട്ടുള്ളവയിൽ നിന്നും ശരിയായത് തിരഞ്ഞെടുക്കുക.

A) I മാത്രം ശരിയാണ് B) II മാത്രം ശരിയാണ്
C) I- ഉം II- ഉം ശരിയാണ് D) I ഉം II ഉം ശരിയല്ല

6. പ്രാചീനശിലായുഗകാലത്തെ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ചില വിവരങ്ങളാണ് നൽകിയിട്ടുള്ളത്.

| | |
|---|---|
| i | ഗുഹകളിലും തുറസ്സായ സ്ഥലങ്ങളിലും വസിച്ചിരുന്നു. |
| ii | സൂക്ഷ്മശിലകൾ ഉപയോഗിച്ചിരുന്നു. |
| iii | ഭക്ഷണം സംഭരിച്ചിരുന്നില്ല |
| iv | ബാൻഡുകൾ ആയിരുന്നു സമൂഹത്തിന്റെ അടിസ്ഥാനഘടകം. |

ശരിയായത് തിരഞ്ഞെടുക്കുക.

A) i,ii, iii B) ii, i, iv
C) i, iii,iv D) ii, iii, iv

7. പ്രസ്താവന (A) : ഭാബർമേഖലയിൽ നദികൾ ദൃശ്യമാകുന്നില്ല.
കാരണം (R) : പർവതഭാഗത്ത് നിന്നും വരുന്ന നദികൾ കൊണ്ടുവരുന്ന ഉരുളൻ കല്ലുകളും പാറകളും നിക്ഷേപിക്കപ്പെട്ടാണ് ഈ സമതലഭാഗം രൂപപ്പെട്ടിട്ടുള്ളത്.
താഴെ തന്നിരിക്കുന്നവയിൽ ശരിയായത് ഏത്?

A) (A) യും (R) ഉം ശരിയാണ്, (A) യുടെ ശരിയായ വിശദീകരണമാണ് (R)
B) (A) യും (R) ഉം ശരിയാണ്, (A) യുടെ ശരിയായ വിശദീകരണമല്ല (R)
C) (A) ശരിയും (R) തെറ്റുമാണ്
D) (A) തെറ്റും (R) ശരിയുമാണ്.

8. പതിനാറ് മഹാജനപദങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി മഗധ മാറി. ഇതിന് കാരണമായ ഘടകങ്ങളിൽ ശരിയായത് കണ്ടെത്തുക.

| | |
|---|---|
| (i) | മഴ ധാരാളം ലഭിക്കുന്ന ഉൽപാദനക്ഷമതയുള്ള പ്രദേശമായിരുന്നു. |
| (ii) | മഗധയിലെ വനങ്ങളിൽ ധാരാളം ആനകൾ ഉണ്ടായിരുന്നു. |
| (iii) | മഗധയിൽ നിന്ന് ധാരാളം ചെമ്പ് ലഭിച്ചു. |

A) iii മാത്രം ശരിയാണ് B) i ഉം ii ഉം ശരിയാണ്

C) i ഉം iii ഉം ശരിയാണ് D) ഇവയെല്ലാം ശരിയാണ്

9 മുതൽ 13 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 2 സ്കോർ വീതം. (5 x 2 = 10)

9. (A) ആദിമമനുഷ്യരുടെ ഉപകരണങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.

| പ്രയോജനപ്പെടുത്തൽ | A............................ | ക്രമവൽക്കരണം |
|---|---|---|
| ↓ | ↓ | ↓ |
| ലഭ്യമായ കല്ലുകളെ രൂപമാറ്റം വരുത്താതെതന്നെ ഉപയോഗിക്കുന്ന രീതി | ലഭ്യമായ കല്ലുകളെ ആവശ്യാനുസരണം രൂപമാറ്റം വരുത്തി ഉപയോഗിക്കുന്ന രീതി | B............................ |

അല്ലെങ്കിൽ

(B) മധ്യശിലായുഗകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| മധ്യശിലായുഗകേന്ദ്രങ്ങൾ | രാജ്യങ്ങൾ |
|---|---|
| സരൈനഹർറായ് | ഇന്ത്യ |
| A ........................................ | ഇംഗ്ലണ്ട് |
| ഫാഹിയാൻ ഗുഹ | B ........................................ |

10. ബുഗ്യാലുകളെന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?


11. മാതൃകയനുസരിച്ച് ഉചിതമായി പൂർത്തിയാക്കുക.

മാതൃക : തൊഴിൽ - വേതനം

ഭൂമി - A ............................

മൂലധനം - B ............................

12. ചിത്രത്തിൽ 'A' എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന ഭൂരൂപം തിരിച്ചറിഞ്ഞ് അത് രൂപംകൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക.




13. ജൈനമതത്തിന്റെ രണ്ട് വിഭാഗങ്ങൾ ഏതെല്ലാം?

**14 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 3 സ്കോർ വീതം.** **(8 x 3 = 24)**

14. (A) എക്കൽ സമതലങ്ങളെക്കുറിച്ച് വിശദമാക്കുക.

അല്ലെങ്കിൽ

(B) ഉത്തരേന്ത്യൻ സമതലത്തിൽ കാണപ്പെടുന്ന ഉഷ്ണമേഖല ഇലപൊഴിയും വനങ്ങളുടെ സവിശേഷതകൾ എഴുതുക.

15. സൂചനകളുടെ അടിസ്ഥാനത്തിൽ ആദ്യകാല വേദകാലത്തിലെ ജനജീവിതത്തിന്റെ പ്രത്യേകതകൾ എഴുതുക.

*സൂചനകൾ:*

- വാസസ്ഥലം
- സ്ത്രീകളുടെ സ്ഥാനം
- കൃഷി

16. ബുദ്ധന്റെ ആശയങ്ങൾ ജനങ്ങളെ ആകർഷിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ വ്യക്തമാക്കുക.

17. വിദ്യാഭ്യാസം രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നു. പ്രസ്താവന സാധൂകരിക്കുക.

18. ഹിമാലയപർവതപ്രദേശത്തെ മണ്ണിനങ്ങളെക്കുറിച്ച് വിശദമാക്കുക.

19. ഹിമാലയപർവതപ്രദേശങ്ങളിലെ കാലാവസ്ഥ അതത് പ്രദേശത്തിന്റെ ഉയരത്തിനും ഭൂപ്രകൃതിക്കും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യക്തമാക്കുക.

20. ഇന്ത്യൻ പാർലമെന്റിന്റെ അധോമണ്ഡലമായ ലോകസഭയുടെ സവിശേഷതകൾ എഴുതുക.

21. മൗര്യഭരണ സംവിധാനത്തിന് ഇന്നത്തെ ഇന്ത്യൻ ഭരണസംവിധാനവുമായി സാമ്യമുണ്ടോ? സമർഥിക്കുക.


**22 മുതൽ 28 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിലധികമോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 4 സ്കോർ വീതം.** **(7 x 4 = 28)**

22. (A) ഫെർട്ടയിൽ ക്രസന്റ് (ഫലഭൂയിഷ്ഠമായ ചന്ദ്രക്കല) എന്ന പ്രദേശത്ത് മനുഷ്യനെ കൃഷിചെയ്യാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ


(B) ഇന്ത്യാചരിത്രത്തിൽ 'ഒന്നാം നഗരവൽക്കരണ'മെന്നറിയപ്പെടുന്ന സംസ്കാരം ഏതെന്ന് തിരിച്ചറിഞ്ഞ് വിശദമാക്കുക.

23. (A) ചിത്രത്തിൽ 'B' എന്ന് അടയാളപ്പെടുത്തിയിട്ടുള്ള ഭൂപ്രകൃതിവിഭാഗത്തിന്റെ പേരെഴുതി അതിന്റെ സവിശേഷതകൾ എഴുതുക.




അല്ലെങ്കിൽ

(B) ചിത്രത്തിൽ A, B, C എന്നിങ്ങനെ അടയാളപ്പെടുത്തിയിട്ടുള്ള ഗംഗാസമതലത്തിന്റെ പ്രാദേശിക വിഭാഗങ്ങൾ തിരിച്ചറിയുക. ഗംഗാസമതലം രൂപംകൊണ്ടതെങ്ങനെയെന്ന് വിശദമാക്കുക.




24. (A) ഭൂപ്രകൃതി, ഉയരം, കാലാവസ്ഥ തുടങ്ങിയ ഘടകങ്ങൾ ഹിമാലയൻ നിരകളിലെ സസ്യജാലങ്ങളിൽ പ്രാദേശിക വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു. സാധൂകരിക്കുക.

അല്ലെങ്കിൽ

(B) ഹിമാലയപർവതമേഖലയിലെ ടൂറിസം സാധ്യതകളെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

*സൂചനകൾ:*

- തീർത്ഥാടനം
- ടൂറിസ്റ്റ്കേന്ദ്രങ്ങൾ
- സാഹസിക ടൂറിസം

25. ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ എഴുതുക.

26. മനുഷ്യമൂലധനരൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

27. ഭരണഘടനാദിനത്തോടനുബന്ധിച്ച് ക്ലാസിൽ നടത്തിയ പ്രസംഗത്തിൽ അനു അവതരിപ്പിച്ച ചില ആശയങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്.

ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടന

ഒന്നരലക്ഷത്തോളം വാക്കുകളടങ്ങിയ സമഗ്രവും വിപുലവുമായ രേഖ

രാജ്യത്തിന്റെ വൈവിധ്യം പരിഗണിച്ചുള്ള വിശദമായ ഉള്ളടക്കം

അനു തന്റെ പ്രസംഗത്തിൽ പ്രതിപാദിക്കാൻ സാധ്യതയുള്ള ഇന്ത്യൻ ഭരണഘടനയുടെ മറ്റു സവിശേഷതകൾ എന്തെല്ലാമായിരിക്കും?

28. ഏതൻസിൽ നിലനിന്നിരുന്ന ജനാധിപത്യ സംവിധാനം ആധുനിക ജനാധിപത്യത്തിന് സമാനമായിരുന്നു. പ്രസ്താവന സാധൂകരിക്കുക.

**29, 30 ചോദ്യങ്ങൾക്ക് വിശദമായി ഉത്തരമെഴുതണം. 5 സ്കോർ വീതം. (2 x 5 = 10)**

29 (A) ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആശയങ്ങളും തത്വങ്ങളും താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(B) ഇന്ന് നാം കാണുന്ന മനുഷ്യമുന്നേറ്റങ്ങളുടെ അടിസ്ഥാനം നവീനശിലായുഗത്തിലെ മാറ്റങ്ങളാണ്. പ്രസ്താവന സാധൂകരിക്കുക.

30 (A) ഹിമാലയത്തിന്റെ പ്രാദേശിക വിഭജനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(i) സിന്ധു നദി മുതൽ കാളി നദിവരെയുള്ള ഹിമാലയ പ്രദേശമേത്?

(ii) ഈ പ്രദേശത്തിന്റെ ഏതെങ്കിലും രണ്ട് വിഭാഗങ്ങളുടെ സവിശേഷതകൾ എഴുതുക.

അല്ലെങ്കിൽ

(B) ബ്രഹ്മപുത്രാതടത്തിലും ഉത്തരേന്ത്യൻ സമതലത്തിലും സുലഭമായി മഴ ലഭിക്കുന്നത് ഏത് മൺസൂൺകാറ്റിൽനിന്നാണ്? ഈ മൺസൂൺകാറ്റിന്റെ സവിശേഷതകൾ എഴുതുക.